# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1882/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/12/2024
ഇ-മെയിൽ:
doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1882/2024

തീയ്യതി: 21/12/2024

# കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-10-2023 മുതൽ 08-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയരക്ടർ | 09-12-2024 | 18-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-12-2024 | 18-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ലീലാകൃഷ്ണൻ.എൻ.എം,ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി.ഷിജില.വി.ഡി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ആൽബർട്ട് ജോസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബിസ്മി.എസ്.നായർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വി.ഹൈമാവതി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി.മഞ്ജുഷ.പി.എൻ | സെക്രട്ടറി | 01-04-2023 | 27-01-2024 |
| ശ്രീ.പവിത്രൻ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-01-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) |
|---|---|---|
| ശ്രീ.ബെഞ്ചി ഡാനിയൽ | കൃഷി ഓഫീസർ | 01-04-2023 |
| ശ്രീ.ഷിനു തോമസ് | കൃഷി ഓഫീസർ | 07-06-2023 |

| | | |
|---|---|---|
| ശ്രീ.ഷിബു.പി.എൻ | വെറ്ററിനറി സർജൻ | 01-04-2023 |
| ഡോ.മഞ്ജുള.കെ.പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2023 |
| ഡോ.ആനി .ജെ.ബെൻസൺ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-07-2023 |
| ഡോ.സിബീഷ്.എസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 10-01-2024 |
| ഡോ.ആനി.ജെ.ബെൻസൺ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 06-02-2024 |
| ഡോ.സിബീഷ്.എസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 17-02-2024 |
| ഡോ.കിരൺ.കെ.ജി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 07-03-2024 |
| ഡോ.പ്രീതി.എം.പ്രദീപ് | മെഡിക്കൽ ഓഫീസർ(ആയുർ വേദം) | 01-04-2023 |
| ഡോ.ധന്യ.കെ.എൻ | മെഡിക്കൽ ഓഫീസർ(ആയുർ വേദം) | 04-03-2024 |
| ശ്രീ.രജീഷ്.ടി.കെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 |
| ശ്രീ.മുഹമ്മദ് ഹിജാസ് | വി.ഇ.ഒ(തോലമ്പ്ര സർക്കിൾ) | 01-04-2023 |
| ശ്രീമതി.സുസ്മിത.പി | വി.ഇ.ഒ(തോലമ്പ്ര സർക്കിൾ) | 11-09-2023 |
| ശ്രീ.സംരാഗ്.കെ.പി | വി.ഇ.ഒ(ശിവപുരം സർക്കിൾ) | 01-04-2023 |
| ശ്രീമതി.ആതിര.കെ.കെ | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 01-04-2023 |
| ശ്രീ.പ്രദീപ് കോടഞ്ചേരി | ഹെഡ് മാസ്റ്റർ | 01-04-2023 |

| | | |
|---|---|---|
| ശ്രീമതി.സിന്ധു.എ.കെ | ഹെഡ് മാസ്റ്റർ | 05-06-2023 |
| ശ്രീമതി.സുഭാഷിണി.കെ | ഹെഡ് മാസ്റ്റർ | 01-07-2023 |
| ശ്രീ.അമൽ രാജ്.ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 |
| ശ്രീ.സാജു.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 10-04-2023 |
| ശ്രീ.മഞ്ജേഷ്കർ.പി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 13-09-2023 |
| ശ്രീ.നിഷാദ്.വി.കെ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2023 |
| ശ്രീ.പവിത്രൻ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 |
| ഡോ.ജിതേഷ്.എ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 |

വി.ഇ.ഒ(തോലമ്പ്ര സർക്കിൾ):09-09-2023 മുതൽ 10-09-2023 വരെ ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ധനകാര്യകമ്മീഷൻ ഗ്രാന്റ് B-4 ഷെഡ്യൂളിലെ തുകയും B-17 ഷെഡ്യൂളിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം എത് ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമല്ല | 1-1-4 |
| 6 | കാലാവധി കഴിഞ്ഞ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-1-5 |
| 7 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല | 1-1-6 |
| 8 | റിഡംഷൻ തുക മുഴുവനും തിരികെ ലഭിച്ചിട്ടില്ല | 1-1-7 |
| 9 | ഹഡ്കോ ലോൺ -ലോൺ രജിസ്റ്ററിൽ കാണിച്ച തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരം B-11(B) ഷെഡ്യൂളിൽ ചേർത്തിട്ടില്ല | 1-1-9 |
| 11 | മുൻകൂർ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-10 |
| 12 | B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തി രജിസ്റ്റർ തയാറാക്കിയിട്ടില്ല | 1-1-11 |

| | | |
|---|---|---|
| 13 | ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. | 1-1-12 |
| 14 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത വിവരം B-18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല. | 1-1-13 |
| 15 | വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | ഗ്രാമസഭ | 1-10 |
| 25 | തൊഴിൽ നികുതി - പിഴ ഈടാക്കിയതിൽ കുറവ് | 1-11 |
| 26 | വസ്തു നികുതി നിർണ്ണയത്തിൽ ഉയർന്നതരം തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് കണക്കാക്കിയിട്ടില്ല | 1-12 |
| 27 | വസ്തുനികുതി പരിഷ്കരണ നടപടി വൈകുന്നത് വരുമാന നഷ്ടത്തിന് കാരണമാകുന്നു. | 1-13 |
| 28 | തുടർസാക്ഷരത 4, 7,10,11 തുല്യത ക്ലാസ് -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - ₹23,400യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 29 | പത്താമുദയം-സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ .₹35,150 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |

| | | |
|---|---|---|
| 30 | വിവിധ സ്കൂളുകൾക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങൽ.രേഖകൾ ലഭ്യമാക്കിയില്ല.₹78,532 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 31 | മരുന്നുകൾ / ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല - ₹ 3,38,436 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 32 | കണ്ണൂർ ഫൈറ്റ് കാൻസർ പദ്ധതി- ലാപ്പ്ടോപ്പ് ലഭ്യമായില്ല. ₹57,616 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 33 | പി.എച്ച്. സി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തുക കൈമാറൽ -വിനിയോഗസാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ₹4,03,529 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 34 | എ.ബി.സി പദ്ധതി തുക നൽകൽ- വിനിയോഗസാക്ഷ്യ പത്രം ലഭ്യമായില്ല - ₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 35 | വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായില്ല - ₹704373 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 36 | കണ്ണൂർ വിവര സഞ്ചയിക - തുടർ പ്രവർത്തന വിവരങ്ങൾ ലഭ്യമാക്കിയില്ല. ₹8,650 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 37 | ജെന്ററർ റിസോർസ് സെന്ററിന് അധിക തുക ചെലവഴിച്ചു | 1-23 |
| 38 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ | 1-24 |
| 39 | പലിശരഹിത അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ് | 1-25 |

| | | |
|---|---|---|
| 40 | ലൈഫ് ഭവനപദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 41 | റിംഗ് കമ്പോസ്റ്റ് വിതരണം പദ്ധതി -പുതുക്കിയ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കിലുള്ള മുദ്ര പത്രത്തിൽ കരാർ ചമച്ചിട്ടില്ല | 1-27 |
| 42 | സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ₹49,855 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 43 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മാലൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 26-06-2024ലെ 2/188/24 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 10-07-2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാലൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2024 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാലൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
21.12.2024.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കണ്ണൂർ.

## 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

(I) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.ചട്ടം 62 (ഇ) പ്രകാരമുള്ള പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(Ii) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

(Iii) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(Iv) നോട്ട് ഓൺ അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹68,75,100 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹39,61,370 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ധനകാര്യകമ്മീഷൻ ഗ്രാന്റ് B-4 ഷെഡ്യൂളിലെ തുകയും B-17 ഷെഡ്യൂളിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയിലെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് B-4 ഷെഡ്യൂളിലെ തുകയും B-17 ഷെഡ്യൂളിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക 30,91,049 രൂപയും B-17 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് 34,19,300 രൂപയുമാണ് . വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

## 1-1-4 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം എത് ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമല്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിലെ ഏത് ഹെഡിലാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമല്ല.

## 1-1-5 കാലാവധി കഴിഞ്ഞ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

Liability In Respect Of Stale Cheque എന്നശീർഷകത്തിൽ 36,911 രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. മേൽ ചെക്കുകളിൽ മൂന്ന് വർഷം കഴിഞ്ഞ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

## 1-1-6 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല

സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയതായി കാണുന്നില്ല. എം.ജി.എൻ.ആർ ഇ.ജി.എസ് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികൾ മാത്രമാണ് Capital Contribution ശീർഷകത്തിലേക്ക് മാറ്റിയത്.

## 1-1-7 റിഡംഷൻ തുക മുഴുവനും തിരികെ ലഭിച്ചിട്ടില്ല

2022-23 വർഷം RP-45 Receivables Of Redemption (43100199) പ്രകാരം ₹16,73,122 സർക്കാർ തിരിച്ചെടുക്കുകയുണ്ടായി.പ്രസ്തുത തുകയിൽ ₹13,64,105 മാത്രമാണ് സർക്കാരിൽ നിന്നും തിരികെ ലഭ്യമായിട്ടുള്ളത്. ബാക്കി തുക ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-8 ഹഡ്കോ ലോൺ -ലോൺ രജിസ്റ്ററിൽ കാണിച്ച തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല

2023-24 വർഷത്തെ HUDCO Loan ഇനത്തിലെ വരവ്, നീക്കിയിരിപ്പ് തുകകൾ (ലോൺ രജിസ്റ്ററിലെ തുക) വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-9 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരം B-11(B) ഷെഡ്യൂളിൽ ചേർത്തിട്ടില്ല

ബാലൻസ് ഷീറ്റ് B-11(B) ഷെഡ്യൂളിൽ പാർട്ട് ബിൽ നൽകിയ തുകയുടെ വിവരം ചേർത്തിട്ടില്ല. 2023-24 വർഷം പാർട്ട് ബിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-10 മുൻകൂർ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ വിവിധ ഏജൻസികൾക്ക് മുൻകൂർ അനുവദിച്ച തുകയിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുകയുടെ വിവരം തുടർന്നു വരുന്ന വർഷങ്ങളിൽ കാരി ഓവർ ചെയ്ത് മുൻകൂർ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-1-11 B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തി രജിസ്റ്റർ തയാറാക്കിയിട്ടില്ല

B-11 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയാറാക്കിയിട്ടില്ല.

## 1-1-12 ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

## 1-1-13 വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത വിവരം B-18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധപ്രോജക്ട് പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രസ്തുത വിവരം ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല. ഡെപ്പോസിറ്റ് വർക്കുകൾക്കായി 2023-24 വർഷം നൽകിയ തുകയുടെ വിവരം മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല.

## 1-1-14 വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, വാടക, ലൈസൻസ് ഫീ വരവ് എന്നിവ 2023 നവംബർ, 2024 മാർച്ച് മാസങ്ങളിൽ മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് അംഗീകരിച്ച ഭരണ സമിതിതീരുമാനം നമ്പർ/തീയതി | തീരുമാനം നമ്പർ 108/2023 തീയതി 18.03.2023 | |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പർ, തീയതി | തീരുമാനം നമ്പർ 8/2024/202 തീയതി 07.02.2024 | |
| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
| മുന്നിരിപ്പ്(₹) | 1,24,08,026 | 4,03,72,708 |
| വരവ്(₹) | 18,26,05,240 | 21,52,12,240 |
| ആകെ(₹) | 19,50,13,266 | 25,55,84,948 |
| ചെലവ്(₹) | 19,19,53,800 | 24,19,06,700 |
| നീക്കിയിരിപ്പ്(₹) | 30,59,466 | 1,36,78,248 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 2,64,39,712 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,27,76,907 |
| ആകെ | 6,92,16,619 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 3,59,01,807 |
| നീക്കിയിരിപ്പ് | 3,33,14,812 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,99,541 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്& അൺടൈഡ് (ട്രഷറി), സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത് വിഹിതം ഡെപ്പോസിറ്റ്, തൊഴിലുറപ്പ് പദ്ധതി, ക്ഷേമ പെൻഷൻ മുതലായവയുടെ വിവരം റസീറ്റ് &പെയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ ഉൾപ്പെടാത്തതിനാൽ മേൽ വരവും ചെലവും ഭാഗികമാണ്. ഇവ ഉൾപ്പെടുന്ന റസീറ്റ് പേയ്മെന്റ് ഷെഡ്യൂൾ കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് ലഭിച്ചത്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരിപ്പ്/ ലാപ്സ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 2,08,88,000 | 2,08,88,000 | 2,00,63,258 | 8,24,742 |
| വികസന ഫണ്ട് എസ്.സി.പി | 0 | 7,56,000 | 7,56,000 | 7,16,524 | 39,476 |
| വികസന ഫണ്ട് ടിഎസ് പി | 0 | 8,57,000 | 8,57,000 | 7,72,491 | 84,509 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 88,18,000 | 88,18,000 | 4,71,928 | 83,46,072 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 34,16,600 | 34,16,600 | 31,42,151 | 2,74,449 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 25,12,470 | 25,94,000+5,494 | 51,11,964 | 30,02,851 | 21,09,113 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക്ക് | 6,69,848 | 35,61,186 | 42,31,034 | 32,49,097 | 9,81,937 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 8,713 | 14,41,183 | 14,49,896 | 14,49,896 | 0 |
| ഐസിഡിഎസ് | 15,06,864 | 18,46,433 | 33,53,297 | 7,46,364 | 26,06,933 |
| ടിഎസ് സി | 9,94,066 | 0 | 9,94,066 | 0 | 9,94,066 |
| എം പി ഫണ്ട് | 15,595 | 0 | 15,595 | 0 | 15,595 |
| എം പി ഫണ്ട് | 56065 | 0 | 56065 | 0 | 56065 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- വിമുക്തി | 3,595 | 0 | 3,595 | 0 | 3,595 |
| ഹെൽത്ത് മിഷൻ(ആയുഷ്) | 4,50,000 | 0 | 4,50,000 | 3,67,872 | 82,128 |
| ലൈഫ് മിഷൻ | 2,79,276 | 3338660 | 3617936 | 3000000 | 617936 |
| ലൈബ്രറി ഗ്രാൻറ് | 38,200 | 13410 | 51,610 | 13,410 | 38,200 |
| സാക്ഷരത | 4,92,818 | 1,089 | 4,93,907 | 0 | 4,93,907 |
| ശുചിത്വ മിഷൻ | 11,00,633 | 25,848 | 11,26,481 | 0 | 11,26,481 |
| സ്വച്ച് ഭാരത് അഭിയാൻ | 0 | 10,49,176 | 10,49,176 | 10,49,176 | 0 |
| ഹെൽത്ത് ഗ്രാന്റ് -ഇൻഫ്രാ സ്ട്രക്ച്ചർ | 27,525 | 8,57,135 | 8,84,660 | 2,25,234 | 6,59,426 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് -വെൽനസ് സെന്റർ | 81,142 | 3,64,074 | 4,45,216 | 79,529 | 3,65,687 |
| ഹെൽത്ത് ഗ്രാന്റ്-ബിൽഡിംഗ് ലെസ് സബ് സെന്റേർസ് | 0 | 28,05,500 | 28,05,500 | 0 | 28,05,500 |
| മറ്റു ബാധ്യതകൾ | 27921 | 0 | 27921 | 25131 | 2790 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ (₹) | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് (₹) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 224 | 158 | 8,92,18,913 | 132 | 26 | 66 | 4,85,95,776 | 58.93 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ (₹) | ചെലവ് (₹) | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 53 | 42 | 1,27,22,537 | 81,06,923 | 63.72 |
| കൃഷി ഓഫീസർ | 9 | 9 | 30,55,200 | 30,52,518 | 99.91 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 72 | 31 | 3,10,40,178 | 84,27,687 | 27.15 |
| വെറ്റിനറി സർജൻ | 6 | 6 | 19,53,660 | 14,48,681 | 74.15 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 17,00,000 | 14,20,000 | 83.53 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫീഷറീസ് | 1 | 1 | 2,40,000 | 2,16,000 | 90 |
| ഐ .സി .ഡി .എസ് സൂപ്പർവൈസർ | 10 | 8 | 59,64,000 | 50,40,781 | 84.52 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 3 | 1 | 12,83,500 | 12,00,000 | 93.49 |
| മെഡിക്കൽ ഓഫീസർ- എഫ്എച്ച്സി | 18 | 12 | 40,54,276 | 22,74,440 | 56.1 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 3,60,000 | 3,57,471 | 99.3 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 10,17,422 | 8,04,094 | 79.03 |
| ഹെഡ് മാസ്റ്റർ | 13 | 11 | 16,55,000 | 10,93,496 | 66.07 |
| വി.ഇ.ഒ | 25 | 24 | 2,41,73,140 | 1,51,53,685 | 62.69 |
| ആകെ | 224 | 158 | 8,92,18,913 | 4,85,95,776 | 54.47 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8,713 | 14,41,183 | 14,49,896 | 14,49,896 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,84,32,658 | 4,84,32,658 | 4,84,32,658 | 0 |
| ആകെ | 8,713 | 4,98,73,841 | 4,98,82,554 | 4,98,82,554 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 56,59,200 | 495 |
| വിധവാ പെൻഷൻ | 91,95,400 | 882 |
| വാർദ്ധക്യകാല പെൻഷൻ | 1,51,04,900 | 1479 |
| ഭിന്നശേഷി പെൻഷൻ | 31,22,900 | 283 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 16,96,600 | 156 |
| വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-12-2024 തീയതിയിൽ 12.20 P.M ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹21,155 നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും ചേർന്നിട്ടുണ്ട്. ഓഫീസ് ഉത്തരവ് സമയാസമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്ത കെട്ടിടങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി പുന:നിർണ്ണയിക്കുകയോ ചെയ്യുന്നില്ല. തനത് വരുമാന വർദ്ധനവിനായി ഈവിഷയങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു. വിവിധ ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള ഗ്രാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിൽ ആകെ 15 വാർഡുകളാണ് ഉള്ളത്. 2023-24 വർഷം 3 തവണ (മെയ് 2023, ജൂലായ് 2023, ഡിസംബർ 2023) ഗ്രാമസഭ ചേർന്നിട്ടുണ്ട്. ഗ്രാമ സഭകളിലെ യോഗങ്ങളിൽ ക്വാറം തികയുന്നുണ്ട്. 2022-23 വാർഷിക പദ്ധതി അവലോകനം, 2023-24 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ 2024-25 വർഷത്തെ വാർഷിക പദ്ധതി രൂപീകരണം, വലിച്ചെറിയൽ മുക്തകേരളം, പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച ഹൈക്കോടതി ഉത്തരവ് ചർച്ച, വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് 2024-25 ആക്ഷൻപ്ലാനും ലേബർ ബജറ്റും അംഗീകരിക്കൽ എന്നിവയായിരുന്നു പ്രധാന അജണ്ട.

## 1-11 തൊഴിൽ നികുതി - പിഴ ഈടാക്കിയതിൽ കുറവ്

സർക്കാരിന്റെ 28.03.2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട് ) 01.04.2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01.04.2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.08.2000 ലെ 51457/ എൻ 1/ തഭവ നമ്പർ സർക്കുലർ പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി പിഴ പലിശ നൽകേണ്ടിവരുന്ന തീയതി സെപ്തംബർ ഒന്ന് മുതലാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മാലൂർ ഗ്രാമപഞ്ചായത്തിൽ ഒന്നാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി സെപ്തംബർ മാസത്തിന് ശേഷം അടച്ചപ്പോൾ നികുതിക്ക് പിഴ കണക്കാക്കിയത് ഇത്തരത്തിലല്ല എന്ന് തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി (പിഴ ഒഴികെ)(₹)/ അടച്ച തീയതി | ഈടാക്കിയ പിഴ (₹) | ഈടാക്കേണ്ട പിഴ (₹) | കുറവ് വന്ന തുക (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പോലീസ് സ്റ്റേഷൻ, മാലൂർ | 47,500<br>1230101884<br>31-10-2023 | 475 | 1,900 | 1,425 |
| 2 | മാലൂർ പഞ്ചായത്ത് വനിതാ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 4,000<br>1230101697<br>21-10-2023 | 40 | 160 | 120 |
| 3 | തോലമ്പ്ര വനിതാ സഹകരണ സംഘം | 1,050<br>1230104941<br>30-03-2024 | 0 | 147 | 147 |
| 4 | ജനകീയ ഹോട്ടൽ, തൃക്കടാരിപ്പൊയിൽ | 2250<br>1230103808<br>24-02-2024 | 0 | 270 | 270 |

2. വ്യാപാരികളുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ രജിസ്റ്റർ പരിശോധിച്ചപ്പോഴും ഇതേ വിധത്തിൽ കുറഞ്ഞനിരക്കിൽ പിഴ ഈടാക്കിയതായി കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (3/13-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കുമ്പോൾ പിഴ ഈടാക്കാത്തവരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്.

## 1-12 വസ്തു നികുതി നിർണ്ണയത്തിൽ ഉയർന്നതരം തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് കണക്കാക്കിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. 2023-24 വർഷം നികുതി നിർണ്ണയം നടത്തിയ താഴെക്കൊടുത്തിരിക്കുന്ന കെട്ടിടത്തിന്റെ തറനിർമ്മിതി, 250 ച. മീറ്ററിന് മുകളിലുള്ള മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവകൊണ്ടുള്ളതാണ് എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. താഴെക്കൊടുത്തിരിക്കുന്ന കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കുമ്പോൾ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് ഈടാക്കിയിട്ടില്ല.

| വാർഡ് നമ്പർ/കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം(ച.മീ.) |
|---|---|---|

| | | |
|---|---|---|
| IV/466A,B,C,D,E,F,G,H,I,J,K,L | അടുവാരിമ്മൽ മണിക്ക കൃഷ്ണൻ | 453.92 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/13-12-2024) വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ മുഴുവൻ ഭാഗങ്ങൾ ചേർന്നാണ് 250 ചതുരശ്രമീറ്ററിനു മുകളിൽ വരുന്നതെന്നും അങ്ങനെയുള്ള സാഹചര്യത്തിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താനുള്ള സൗകര്യം നിലവിൽ ലഭ്യമല്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് വസ്തു നികുതി ക്രമപ്പെടുത്തുന്നതുമാണെന്നുള്ള മറുപടി നൽകി. 2011 കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 6 അനുസരിച്ച് മേൽത്തരം തടി ഇടാലിയൻ മാർബിൾ, ഗ്രാനൈറ്റ് മുതലായ സാധനങ്ങൾക്കൊണ്ട് നിർമ്മിച്ച തറ നിർമ്മിതിയുള്ളതും 250 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. ടി സൗകര്യം സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിന് ഐ കെ എം ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ ചെയ്യേണ്ടതാണ്.

## <u>1-13 വസ്തുനികുതി പരിഷ്കരണ നടപടി വൈകുന്നത് വരുമാന നഷ്ടത്തിന് കാരണമാകുന്നു.</u>

22.03.2023 ലെ സ ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൂട്ടിചേർക്കൽ/മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. മാലൂർ ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ട ഫീൽഡ് പരിശോധന സംബന്ധിച്ച തൽസ്ഥിതി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/12.12.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കുന്നതിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയതിൽ 11 പേർക്ക് നിയമന ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഉത്തരവ് പ്രകാരമുള്ള വേതന നിരക്കിൽ ജോലി എറ്റെടുക്കാൻ ആരും തയ്യാറായില്ല. പിന്നീട് വീണ്ടും ഇന്റർവ്യൂ നടത്തിയിരുന്നുവെങ്കിലും മേൽ സാഹചര്യം ആവർത്തിക്കുകയാണുണ്ടായത്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവരശേഖരണവും ഡാറ്റാ എൻട്രിയും ചെയ്യുന്നതിനായി ഊരാളുങ്കൽ സർവ്വീസ് കോ .ഓപ്പറേറ്റീവ് സൊസൈറ്റിയുമായി നടത്തിയ ചർച്ചയിൽ വിവര സഞ്ചയഡാറ്റാ ബേസ് സൊസൈറ്റിക്ക് കൈമാറുകയാണെങ്കിൽ ചിലവ് കുറഞ്ഞ രീതിയിൽ പ്രവർത്തി എറ്റെടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവര സഞ്ചയഡാറ്റാ ബേസ് ഊരാളുങ്കൽ കോ.ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൈമാറാവുന്നതാണോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണത്തിന് 22-11-2024 തിയ്യതിയിൽ സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കണ്ണൂരിനും ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ കണ്ണൂരിനും കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് വസ്തുനികുതി പുനർ നിർണ്ണയത്തിനുള്ള നടപടി കൈക്കൊള്ളുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന പൂർത്തീകരിക്കുന്നതിനും സഞ്ചയയിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിച്ച് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## <u>1-14 തുടർസാക്ഷരത 4, 7,10,11 തുല്യത ക്ലാസ് -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - ₹23,400യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 54/24, തുടർ സാക്ഷരത 4,7,10,11 തുല്യത |
| അടങ്കൽ | ₹1,00,000 (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ₹23,400 ബിൽ നമ്പർ: 238/16-02-2024 |

4, 7, 10, 11 തരം തുല്യത പരീക്ഷക്കുവേണ്ടി സാക്ഷരത കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ ഫീസ് അടക്കുന്നതിനു വേണ്ടി വിഭാവനം ചെയ്ത പദ്ധതിയാണിത്. സുലേഖ ചെലവു പത്രിക പ്രകാരം ₹23,400 ചെലവുണ്ട്. മേൽ പദ്ധതി പ്രകാരം 9 പഠിതാക്കൾക്ക് ഹയർ സെക്കണ്ടറി കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യുന്നതിനായി ഒരാൾക്ക് 2600 രൂപ വീതം 23,400 രൂപ കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. 9 പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ എത്ര പേർ പരീക്ഷ എഴുതി. എത്ര പേർ വിജയിച്ചു എന്നീ വിവരങ്ങൾ ലഭ്യമല്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/17-12-2024) മേൽപ്പറഞ്ഞ രേഖകൾ ഉടൻ ലഭ്യമാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതി ലക്ഷ്യം കണ്ടോ എന്ന് വ്യകതമാകാത്ത സാഹചര്യത്തിൽ ₹23,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 പത്താമുദയം-സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ .₹35,150 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 49/24, പത്താമുദയം-സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹2,00,000 (തനത് ഫണ്ട്)<br>₹50,000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ : ₹2,50,000 |
| ചെലവ് | ₹ 35,150 ബിൽ നമ്പർ: 239/16.02.2024 (തനത്ഫണ്ട്) |

മാലൂർ ഗ്രാമ പഞ്ചായത്തിലെ 50 വയസ്സിൽ താഴെയുള്ള എല്ലാ ആളുകളെയും പത്താംതരം വിദ്യാഭ്യാസം ഉള്ളവരാക്കിമാറ്റുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തി ക്ലാസ്സുകളിൽ എത്തിക്കുക, നിശ്ചിത യോഗ്യത ഉള്ള അധ്യാപകരുടെ സേവനം ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാക്കുക,പഠിതാക്കളുടെ യാത്രാ ചെലവ് മോണിറ്റർ ചെയ്യുക, പഠിതാക്കളുടെ ഫീസ് ഒടുക്കുക മുതലായവയായിരുന്നു പദ്ധതിയിലൂടെ വിഭാവനം ചെയ്തത്. ഒരു

പഠിതാവിന് പരീക്ഷാ ഫീസ് ഇനത്തിൽ ₹1,500 നിർവ്വഹണ ഉദ്യോഗസ്ഥനും ബാക്കി തുക (₹350) പഠിതാവും ഒടുക്കുന്നു. പദ്ധതിയിൽ 19 പഠിതാക്കളുടെ ഫീസ് ഇനത്തിൽ ₹35,150 കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. (1,850 X 19). പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1.പഠിതാവിൽ നിന്നും ഫീസ് ഈടാക്കാതെ മുഴുവൻ ഫീസും നിർവ്വഹണ ഉദ്യോഗസ്ഥൻ ഒടുക്കിയതിന് കാരണം വ്യക്തമല്ല.

2.എത്ര പഠിതാക്കൾ പരീക്ഷ എഴുതി, എത്ര പേർ വിജയിച്ചു എന്നീ വിവരങ്ങൾ ലഭ്യമല്ല.

3.പഠിതാക്കളെ പരീക്ഷക്ക് സജ്ജരാക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കിയോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/17-12-2024) 19 പഠിതാക്കളിൽ നിന്ന് 350 രൂപ വീതം വാങ്ങി (350x19=6650) രൂപ തിരിച്ചടക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി ലക്ഷ്യം കണ്ടോ എന്ന് വ്യക്തമല്ലാത്ത സാഹചര്യത്തിൽ ₹35,150 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 വിവിധ സ്കൂളുകൾക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങൽ.രേഖകൾ ലഭ്യമാക്കിയില്ല.₹78,532 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ | | |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ / പേര് | 57/24, മുതുകുറ്റിപ്പൊയിൽ ഗവ.എൽ.പി.എസ് - ന് ലാപ്ടോപ് വാങ്ങൽ | 55/24, പൂവംപൊയിൽ ഗവ.എൽ.പി.എസ്-ന് കളർ പ്രിന്റർ വാങ്ങൽ | 270/24, കാഞ്ഞിലേരി ഗവ.എൽ.പി.എസ്-ന് കളർ പ്രിന്റർ വാങ്ങൽ |
| സ്കൂൾ | മുതുകുറ്റിപ്പൊയിൽ ഗവ.എൽ.പി.എസ് | പൂവംപൊയിൽ ഗവ.എൽ.പി.എസ് | കാഞ്ഞിലേരി ഗവ.എൽ.പി.എസ് |
| അടങ്കൽ | ₹60,000 (മെയിന്റനൻസ് ഫണ്ട്- റോഡിതരം) | ₹30,000 (മെയിന്റനൻസ് ഫണ്ട്- റോഡിതരം) | ₹16,000(മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ചെലവ് | ₹38,599 | ₹24,998 | ₹14,935 |
| തുക/ ബിൽനം/ തീയതി ( A.C.R പ്രകാരം) | ₹38,599/118/27-11-2023 | **₹24,998/119/27-11-2023** | ₹14,935/198/24-01-2024 |

മാലൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലേക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടിയുള്ള മൂന്ന് പദ്ധതികളുടെ വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടായ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ഉപകരണങ്ങൾ വാങ്ങുമ്പോൾ ടെണ്ടർ/ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/17-12-2024) ഉപകരണങ്ങൾ ജെം പോർട്ടൽ മുഖേനയാണ് വാങ്ങിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്.എന്നാൽ ഇത് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല.
3. ഉപകരണങ്ങൾ അതാത് സ്കൂളുകൾക്ക് ലഭ്യമാക്കിയോ എന്ന് വ്യക്തമല്ല.
4. പ്രൊജക്ട് നം.55, 270 എന്നിവ പ്രകാരം ഒരേ ഉപകരണം വ്യത്യസ്ത നിരക്കുകളിൽ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/17-12-2024) കാഞ്ഞിലേരി ഗവഃ എൽ.പി.എസ്-ന് യു.പി.എസ് വാങ്ങുന്നതിനാണ് ആദ്യം പദ്ധതി തയ്യാറാക്കിയതെന്നും പിന്നീട് ആ തുകയിൽ ഉൾക്കൊള്ളുന്ന പ്രിന്റർ വാങ്ങുകയാണ് ഉണ്ടായത് എന്നുമുള്ള മറുപടി തൃപ്തികരമല്ല.

മേൽ സാഹചര്യത്തിൽ ₹78,532 (38,599+24,998+14,935) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 മരുന്നുകൾ / ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല - ₹ 3,38,436 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തുന്ന വിവിധ പ്രോജക്ടുകളുടെ ഭാഗമായി മരുന്ന് / ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ (KMSCL) ലഭ്യമാക്കിയ പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | | |
|---|---|---|---|
| | 1 | 2 | 3 |
| പ്രൊജക്ടിന്റെ പേര്/ പ്രോജക്ട് നമ്പർ | 31/24 ദീർഘകാല രോഗികളുടെയും മാറാരോഗികളുടെയും ഗൃഹ പരിചരണത്തിനുള്ള ഹോംകെയർ സംവിധാനം | 29/24 പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങൽ | 245/24 പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹9,76,000 (വികസനഫണ്ട് – പൊതു വിഭാഗം ) ₹1,76,000 (ജില്ലാ പഞ്ചായത്ത്) ആകെ: ₹1152000 | ₹4,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | ₹2,09,000 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ്(₹) | 8,09,095 (വികസനഫണ്ട്) | 3,99,980 | 2,00,487 |
| ബിൽ നമ്പർ&തീയതി,തുക (A.C.R പ്രകാരം) | 163/01.01.2024 | 149/29.12.2023 | 148/21.12.2023 |

മേൽ പറഞ്ഞ പ്രകാരം അനുവദിച്ച തുകയിൽ മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| കെ എം എസ് സി എൽ ന് അനുവദിച്ച | പ്രഫോർമ ഇൻവോയിസ് നമ്പർ/തീയതി | മരുന്ന് ഇതുവരെ ലഭിച്ചത് (തുകയുടെ | ലഭിക്കാൻ ബാക്കി (തുകയുടെ |
|---|---|---|---|

| തുക(₹),ബിൽ നമ്പർ&തീയതി | | വിവരം) (₹) | വിവരം) (₹) |
|---|---|---|---|
| 3,39,800 163/01.01.2024 | PRF.2692/18.12.23 | 3,00,147 | 39,653 |
| 3,99,980 149/29.12.2023 | PRF.2565/08.12.23 | 2,35,944 | 1,64,036 |
| 200487 148/21.12.2023 | PRF.2600/11.12.23 | 65,740 | 1,34,747 |
| ആകെ | | | 3,38,436 |

ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും അല്ലാത്തപക്ഷം മരുന്ന് ലഭ്യമാകുന്നതിനായി സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/13.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ / ഉപകരണങ്ങളുടെ ₹3,38,436 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 കണ്ണൂർ ഫൈറ്റ് കാൻസർ പദ്ധതി- ലാപ്പ്ടോപ്പ് ലഭ്യമായില്ല. ₹57,616 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കണ്ണൂർ ഫൈറ്റ് കാൻസർ എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി Cancer Suit എന്ന വെബ്സൈറ്റിൽ സമയ ബന്ധിതമായി വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു ലാപ്പ്ടോപ്പ് വാങ്ങുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം .പ്രോജക്ട് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രൊജക്ടിന്റെ പേര്/പ്രോജക്ട് നമ്പർ | 41/24, കണ്ണൂർ ഫൈറ്റ് കാൻസർ |
| അടങ്കൽ | ₹60,000 (തനത് ഫണ്ട്) |
| ചെലവ് | ₹57,616 ബിൽ നമ്പർ:83/29.09.2023 |

കെൽട്രോൺ ലഭ്യമാക്കിയ പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ലാപ് ടോപ്പിന്റെ വിലയായ ₹57,616 കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ലാപ് ടോപ്പ് ലഭിച്ചിട്ടില്ല. ലാപ്പ് ടോപ്പ് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/13.12.2024) മറുപടി ലഭ്യമായിട്ടില്ല. ലാപ് ടോപ്പ് ലഭ്യമാകാത്തതിനാൽ ₹57,616 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 പി.എച്ച്. സി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തുക കൈമാറൽ -വിനിയോഗസാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ₹4,03,529 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ/ പേര് | 177/24, പി എച്ച് സി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തുക കൈമാറൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹4,03,529 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹4,03,529 ബിൽ നമ്പർ: 80/29.09.2023 |

മാലൂർ പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിന്റെ ഭാഗമായി കെട്ടിട നിർമ്മാണത്തിനായി പദ്ധതി മേൽ നോട്ടം വഹിക്കുന്ന നാഷണൽ ഹെൽത്ത് മിഷൻ (ആരോഗ്യ കേരളം ) ജില്ലാ ഹെൽത്ത് സൊസൈറ്റിയ്ക്ക് ₹4,03,529 മേൽ ബില്ല് പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന്റെയോ, തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങളോ ഫയലിൽ ലഭ്യമല്ല. പ്രോജക്ട് പൂർത്തിയായിട്ടുണ്ടെങ്കിൽ നാഷണൽ ഹെൽത്ത് മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യ പത്രം, പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/13.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും വിനിയോഗസാക്ഷ്യ പത്രത്തിന്റെയും അഭാവത്തിൽ 4,03,529 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 എ.ബി.സി പദ്ധതി തുക നൽകൽ-വിനിയോഗസാക്ഷ്യ പത്രം ലഭ്യമായില്ല - ₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 163/24 എ.ബി.സി പദ്ധതി തുക നൽകൽ |
| അടങ്കൽ | ₹1,00,000 തനത് ഫണ്ട് |
| ചെലവ് | ₹1,00,000 ബിൽ നം : 23/30-06-23 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണസ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹1,00,000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/16.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും വിനിയോഗസാക്ഷ്യ പത്രത്തിന്റെയും അഭാവത്തിൽ 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായില്ല - ₹704373 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| | സെക്രട്ടറി | |
| പ്രൊജക്ട് നമ്പർ/പേര് | 206/24 തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ | 10/24 തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ |
| അടങ്കൽ | ₹4,21,015 (വികസന ഫണ്ട് -ജനറൽ)<br>₹1,164 (തനത് ഫണ്ട്)<br>₹1,30,054ധനകാര്യകമ്മീൻ അവാർഡ്)<br>₹5,52,233 (ആകെ) | ₹3,00,000 ധനകാര്യകമ്മീൻ അവാർഡ് ബേസിക്ക്) |
| ചെലവ് | ₹4,04,622 ബിൽ നമ്പർന്ന 343/24.03.24 (വികസന ഫണ്ട് -ജനറൽ) | ₹2,99,751 ബിൽ നമ്പർ: 153/27.12.23 |

മേൽ പറഞ്ഞ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ശിവപുരം ഇലക്ട്രിക്ക് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആകെ ₹7,04,373 മുൻകൂർ ആയി ശിവപുരം ഇലക്ട്രിക്ക് സെക്ഷന് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തിയായതിന്റെ വശദാംശങ്ങളോ തുകയുടെ വിനിയോഗവിവരമോ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിൽ പൂർത്തീകരണ/ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/16.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും വിനിയോഗ സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ ₹7,04,373 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 കണ്ണൂർ വിവര സഞ്ചയിക - തുടർ പ്രവർത്തന വിവരങ്ങൾ ലഭ്യമാക്കിയില്ല. ₹8,650 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രാദേശികാസൂത്രണം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത്തല സ്ഥിതിവിവര കണക്കുകൾ സമാഹരിച്ച് ഡാറ്റാ ബേസ് തയാറാക്കുകയും ഓൺലൈൻ സംവിധാനത്തിലൂടെ ഏത് സമയത്തും വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ വിവരങ്ങൾ ക്രമീകരിക്കുകയും ചെയുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2023-24 വർഷത്തെ സംയുക്ത പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ മാലൂർ ഗ്രാമപഞ്ചായത്ത് സമഗ്ര വിവര ശേഖരണത്തിനായി പദ്ധതി തയ്യാറാക്കി താഴെക്കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ , പേര് | 160/24, കണ്ണൂർ വിവര സഞ്ചയിക |
| അടങ്കൽ | ₹5,00,000(തനത് ഫണ്ട് ) |
| ചെലവ് | ₹8,650<br>ബിൽ നമ്പർ: 252/28.02.2024 |

മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എന്യൂമറേറ്റർമാർക്ക് പരിശീലനം നൽകുകയും അവർക്കുള്ള റിഫ്രഷ്മെന്റ് ഇനത്തിലും പ്രോജക്ടുമായി ബന്ധപ്പെട്ട് വിവിധ സ്റ്റേഷനറി ഇനങ്ങൾക്കുമായാണ് തൻ വർഷം തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ വിവര സഞ്ചയിക റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള സമഗ്രവിവരങ്ങൾ സർവ്വേയിലൂടെ കണ്ടെത്തി അവ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആസൂത്രണം ചെയ്ത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും നിലവിൽ പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിവര സഞ്ചയിക റിപ്പോർട്ടും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/17.12.2024) ലഭ്യമാക്കിയ മറുപടിയിൽ വിവര സഞ്ചയ റിപ്പോർട്ടിന്റെ കരട് തയാറായിട്ടുണ്ടെന്നും നിലവിൽ പദ്ധതി നിർവഹണം പൂർത്തീകരിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തിയാകാത്ത സാഹചര്യത്തിൽ ₹8,650 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ജെന്റർ റിസോർസ് സെന്ററിന് അധിക തുക ചെലവഴിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/പേര് | 19/24, ജെണ്ടർ റിസോർസ് സെന്റർ |
| അടങ്കൽ | ₹2,15,000 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹51,000 ബിൽ നമ്പർ : 15/14-06-2023<br>₹17,000 ബിൽ നമ്പർ : 40/10-07-2023<br>₹17,000 ബിൽ നമ്പർ : 53/04-08-2023<br>₹17,000 ബിൽ നമ്പർ : 71/07-09-2023<br>₹17,000 ബിൽ നമ്പർ : 88/11-10-2023<br>₹17,000 ബിൽ നമ്പർ : 103/08-11-2023<br>₹17,000 ബിൽ നമ്പർ : 111/21-11-2023<br>₹ 17,000 ബിൽ നമ്പർ : 128/05-12-2023<br>₹17,000 ബിൽ നമ്പർ : 168/11-01-2024<br>₹17,000 ബിൽ നമ്പർ : 201/01-02-2024<br>ആകെ: ₹2,04,000 |

പതിനാലാം പഞ്ചവത്സര പദ്ധതി പദ്ധതി മാർഗ്ഗരേഖ (GO(MS) 84/2022/LSG Dt 19-04-2022) ഖണ്ഡിക 6.3.1(1) പ്രകാരം റിസോർസ് സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, അടിസ്ഥാ

സൗകര്യം ഉറപ്പാക്കൽ, മറ്റു പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് 1,00,000 രൂപയിൽ അധികമാകാതെ തുക ചെലവഴിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് പാലിക്കാതെ പ്രോജക്ട് നമ്പർ 19/24 പ്രകാരം ₹104000 (204000-100000) ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (7/13-12-24) ലഭ്യമാക്കിയ മറുപടിയിൽ സി ഡബ്ല്യൂ എഫിന് വേതനം നല്കുന്നതിനാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളതെന്നും ആയതിനാലാണ് ഒരു ലക്ഷം രൂപയിൽ കൂടുതൽ ചെലവ് വന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ജെന്റർ റിസോർസ് സെന്ററിന് ഒരു ലക്ഷം രൂപ വരെ മാത്രമേ ചെലവഴിക്കാൻ അനുമതി ഉള്ളൂ. ഭാവിയിൽ മാർഗ്ഗനിർദ്ദേശാനുസരണം പ്രോജക്ട് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/പേര് | 169/24, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ, ഫണ്ടിനം | ₹5,30,000 വികസനഫണ്ട് (ജനറൽ)<br>₹3,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹1,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ അടങ്കൽ : ₹9,30,000 |
| ചെലവ് | ₹5,01,700 വികസനഫണ്ട് (ജനറൽ)<br>₹3,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ ചെലവ് : ₹8,01,700 |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകൽ പദ്ധതിയുടെ ഭാഗമായി മാലൂർ പഞ്ചായത്തു പരിധിയിലുള്ള 42 ഭിന്നശേഷി വിദ്യാർഥികൾക്കായി ഒരു വർഷത്തേക്ക് അർഹമായ വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇനത്തിൽ അടങ്കൽ തുക 9,30,000 രൂപയിൽ 8,01,700 രൂപ അനുവദിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിന്റെ മുന്നോടിയായി ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കി പഠനം നടത്തുന്ന സ്ഥാപനം, പ്രായം, വൈകല്യത്തിന്റെ സ്വഭാവം തുടങ്ങി അവശ്യമായ വിവരങ്ങൾ ചേർത്ത് ലിസ്റ്റ് തയ്യാറാക്കുകയോ മറ്റോ ചെയ്തിട്ടില്ല. തുക അനുവദിക്കപ്പെട്ട ബില്ലുകൾ പ്രകാരമുള്ള തുകയും ഗുണഭോക്താക്കളുടെ പേരുകളും അനുവദിച്ച തുകയും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയുമാണ് ചെയ്യുന്നത്.

വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ് [സ.ഉ(എം.എസ്) 115/2022/LSGD Dated 28/05/2022 ഖണ്ഡിക 7.1.1(2)]. പഞ്ചായത്തിൽ ഭിന്നശേഷി വിഭാഗക്കാരുടെ വാർഡ് തലത്തിലുള്ള സർവ്വേ പൂർത്തിയാക്കി ആയതിലെ വിവരം ക്രോഡീകരിച്ച് ഭരണസമിതി പരിശോധിച്ച് രജിസ്റ്ററായി

സൂക്ഷിച്ചിട്ടില്ല. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ജില്ലാ പഞ്ചായത്ത് വിഹിതമായി 1,00,000 രൂപ വകയിരുത്തിയിരുന്നെങ്കിലും, തൻ വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും തുക ലഭിച്ചിട്ടില്ല .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/13.12.2024) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി പ്രകാരം ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ജില്ലാ പഞ്ചായത്ത് വിഹിതമായി 1,00,000 രൂപ വകയിരുത്തിയിരുന്നെങ്കിലും, തൻ വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും തുക ലഭിക്കാത്തതിനാൽ പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിച്ച എന്നും അറിയിച്ചു. ജില്ലാ പഞ്ചായത്തുമായി ചേർന്ന് നടപ്പിലാക്കുന്ന സംയുക്ത പദ്ധതികൾക്ക് യഥാസമയം ജില്ലാ പഞ്ചായത്തു തുക കൈമാറാത്തത് ശരിയായ പ്രവണതയല്ല. ഈ വിഷയം പഞ്ചായത്തു ഭരണ സമിതി ചർച്ച ചെയ്യേണ്ടതും വിവരം ജിലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതുമാണ്.

## 1-25 പലിശരഹിത അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി (വരവ്) ഇ-പേയ്മെന്റിനായുള്ളഎസ് ബി ഐ തൊക്കിലങ്ങാടി ബ്രാഞ്ചിലുള്ള കറന്റ് അക്കൗണ്ടിൽ 31.03.2024 ൽ 14,08,521 രൂപ നീക്കിയിരിപ്പുണ്ട് (അക്കൗണ്ട് നമ്പർ 37232052882). വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ടിൽ വരവ് വരുന്ന തുക നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. എന്നാൽ ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ കറന്റ് അക്കൗണ്ടിൽ നിലനിർത്തിവരികയാണ് ചെയ്തിട്ടുള്ളത്. തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചതു വഴി പലിശയിനത്തിൽ വലിയൊരു തുക വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. ആയതിനാൽ പ്രസ്തുത അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവനപദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവനപദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ (2020-21) അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം ഓഡിറ്റ് തീയതി വരെ പൂർത്തിയാക്കിയില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക (₹) | ഫണ്ടിനം | എഗ്രിമെന്റ് തീയതി | സ്റ്റേജ് |
|---|---|---|---|---|---|
| 1 | സന്തോഷ് കെ, കൈതച്ചാൽ ഹൗസ്, പുരളിമല P.O, 670703 | 5,50,000 | വികസന ഫണ്ട് ജനറൽ | 08/02/2021 | മേൽക്കൂര പൂർത്തിയാക്കി |
| 2 | വിനീത് എനിയാടാൻ, എടമന നിവാസ്, മടത്തിക്കണ്ട് | 5,40,000 | വികസന ഫണ്ട് ജനറൽ | 04/11/2020 | മേൽക്കൂര പൂർത്തിയാക്കി |

ലൈഫ് പട്ടികവർഗം അഡീഷണൽ ലിസ്റ്റിൽ ഗുണഭോക്താവായി ഉൾപ്പെട്ടിരുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ (2020-21) ഭവന നിർമ്മാണത്തിന്റെ വിവിധ

ഘട്ടങ്ങളിലായി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി വിവരം ലഭ്യമല്ല. ഓഡിറ്റ് വർഷവും സ്പിൽ ഓവർ ആയി പ്രോജക്ട്-നമ്പർ 176/24 പ്രകാരം വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ₹1,10,000/- അടങ്കൽ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ 26/12/2023ലെ V2 / 2023 നമ്പർ കത്ത് പ്രകാരം മേൽ ഗുണഭോക്താക്കളോട് ഭവന നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റുവാൻ രേഖമൂലം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതായോ, നിർവഹണ ഉദ്യോഗസ്ഥൻ മറ്റു തുടർനടപടികൾ സ്വീകരിച്ചതായോ വിവരം ലഭ്യമല്ല. ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസത്തിനകം വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്. ആയതിനാൽ മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ച വിവരമോ അല്ലാത്തപക്ഷം അവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരമോ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട 17-12-202 ന് നൽകിയ 27-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ നടപ്പ് സാമ്പത്തിക വർഷം ഭവന നിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട് . പരാമർശത്തിന്മേലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 റിംഗ് കമ്പോസ്റ്റ് വിതരണം പദ്ധതി -പുതുക്കിയ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കിലുള്ള മുദ്ര പത്രത്തിൽ കരാർ ചമച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്ട് നമ്പർ, പേര് | 214/24, റിംഗ് കമ്പോസ്റ്റ് വിതരണം |
| അടങ്കൽ | ₹1924,413 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹1522 തനത് ഫണ്ട്<br>₹2,13 993 ഗുണഭോക്തൃ വിഹിതം<br>ആകെ ₹21,39, 928 |
| ചെലവ്, ബിൽ നമ്പർ/ തീയതി | ₹19,24,412 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹8,05,070 261/05-03-2024<br>₹7,79,100 248/24-02-2024<br>₹3,40,242 349/24-03-2024<br>₹1,522 തനതു ഫണ്ട്, 351/24-03-2024<br>₹2,13,993 ഗുണഭോക്തൃ വിഹിതം 348/24-03-2024<br>ആകെ ₹21,39, 927 |

ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് 824 ഗുണഭോക്താക്കളിൽ നിന്നും 10% ഗുണഭോക്തൃ വിഹിതം ശേഖരിച്ച് റിംഗ് കമ്പോസ്റ്റിങ് യൂണിറ്റുകൾ വിതരണം ചെയ്യുന്നതാണ് പദ്ധതി. ഇതിനായി മുകളിൽ പറഞ്ഞ പ്രകാരം മൂന്ന് ഘട്ടങ്ങളായി റെയ്ഡ് കോ കുത്തുപറമ്പ് ബ്രാഞ്ചിൽ നിന്നും കമ്പോസ്റ്റിംഗ്

യൂണിറ്റുകൾ വാങ്ങി 824 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത സ്ഥാപനവുമായി (റെയ്ഡ്കോ കൂത്തുപറമ്പ്) കരാറിൽ ഏർപ്പെട്ടപ്പോൾ (30-11-2023) കേരള ഫിനാൻസ് ആക്ട് 2018 പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടി നിരക്കിലുള്ള (21,39,927 രൂപയുടെ 0.1 ശതമാനം) മുദ്രപത്രം ഉപയോഗിച്ചിട്ടില്ല. റിംഗ് കമ്പോസ്റ്റ് വാങ്ങിക്കുമ്പോൾ കാലാകാലമായി ചെയ്തുപോരുന്ന രീതിയിൽ 200 രൂപയുടെ മുദ്ര പത്രത്തിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. 21,39,927 രൂപയുടെ റിംഗ് കമ്പോസ്റ്റ് വാങ്ങിയപ്പോഴുള്ള കരാറിന് 2,139 രൂപയുടെ മുദ്ര പത്രത്തിൽ കരാർ തയ്യാറാക്കുന്നതിന് പകരം 200 രൂപയുടെ മുദ്ര പത്രത്തിൽ കരാർ രേഖപ്പെടുത്തിയത് ക്രമപ്രകാരമല്ല. കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 21,39,928 രൂപയുടെ കരാറിന് 2,139 രൂപയുടെ മുദ്രപത്രം ആവശ്യമായിരിക്കെ 200 രൂപയുടെ മുദ്ര പത്രത്തിൽ കരാറിൽ ഏർപ്പെട്ടത് സംബന്ധിച്ച് 28/17.12.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആയത് പിഴവ് സംഭവിച്ചതാണ് എന്നും വരും വർഷങ്ങളിൽ മേൽത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പുതുക്കിയ നിരക്കിലുള്ള മുദ്രപത്രത്തിൽ കരാർ ചമക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ₹49,855 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രൊജക്ട നമ്പർ/പേര് | 13/24, ഹോമിയോ ഡിസ്പെൻസറി ശുചിമുറിയിൽ സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ |
| അടങ്കൽ | ₹ 50,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹49,855 ബിൽ നമ്പർ: 378/25.03.2024 |

ഹോമിയോ ഡിസ്പെൻസറി ശുചിമുറിയിൽ സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ എന്ന മേൽ പ്രോജക്ടിന്റെ ഭാഗമായി നാപ്കിൻ ഡിസ്ട്രോയർ വാങ്ങുന്നതിനായി HLL ലൈഫ്കെയർ ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 49,855 രൂപ HLL ലൈഫ് കെയർ ലിമിറ്റഡിനു നൽകിയിട്ടുണ്ട്. എന്നാൽ ഡിസ്ട്രോയർ ലഭ്യമാക്കിയതിന്റെയോ, സ്ഥാപിച്ചതിന്റെയോ വിശദാംശങ്ങൾ ഫയലിൽ ഇല്ല. നാപ്കിൻ ഡിസ്ട്രോയർ ലഭ്യമാക്കി ആയത് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും, ആയത് ലഭ്യമായിട്ടില്ലെങ്കിൽ സ്വീകരിച്ച തുടർ നടപടിയുടെ വിവരം അറിയിക്കുന്നതിനുമായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (29/17.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹49,855 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം

ആമുഖം

1994-ലെ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണത്തിനുള്ള അധികാരവും ഉത്തരവാദിത്തവും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനാണ്. സ.ഉ(സാധാ)നം.1496/2020/തസ്വഭവ, തീയതി 12.08.2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(സാധാ) 880/2021/തസ്വഭവ, തീയതി 16.04.2021, സ.ഉ (സാധാ) 949/2021/തസ്വഭവ, തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ഉദ്ദേശ ലക്ഷ്യം.</u>

മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ആയിരിക്കണം ഓരോ പ്രദേശത്തേയും മാലിന്യ വിമുക്തമാക്കുന്നതിനായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം.

<u>ബൈലോ</u>

മാലൂർ ഗ്രാമ പഞ്ചായത്തിൽ മാലിന്യ സംസ്കരണം സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബൈലോ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്.

<u>മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ</u>

മാലൂർ ഗ്രാമ പഞ്ചായത്തിൽ ആകെ 15 വാർഡുകളിലായി ആൾ താമസമുള്ള 5839വീടുകളും 382സ്ഥാപനങ്ങളും നിലവിലുണ്ട് ഗ്രാമ പഞ്ചായത്തിൽ ആകെ 24625 ജനങ്ങൾ വസിക്കുന്നു. മാലിന്യ സംസ്കരണ മേഖലയിൽ ഹരിതകർമ്മ സേനയിൽ ആകെ 30 പേർ സേവനമനുഷ്ഠിക്കുന്നുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾ നാല് ക്ലസ്റ്ററുകൾ ആയി തിരിഞ്ഞ് ആണ് പ്രവർത്തിക്കുന്നത്. മേൽ തൊഴിലാളികൾക്ക് ശരാശരി 10,000 രൂപ വരെ മാസവരുമാനം ലഭിക്കുന്നുണ്ട്. ഹരിതകർമ്മസേനയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന ആവശ്യങ്ങൾക്കായി മാലൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സ്വന്തമായി വാഹനം (KL 78B 8712 Maruti Suzuki Carry, 2022 Model) ഉപയോഗിച്ചുവരുന്നുണ്ട്. എന്നാൽ ഹരിതകർമ്മ സേനംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം ലഭ്യമായിട്ടില്ല. ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ, അളവ് തൂക്ക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്ക് യൂസർഫീസ് ഇനത്തിൽ 2023-24 വർഷം 29,29,040 രൂപ ലഭ്യമായിട്ടുണ്ട്. യൂസർ ഫീസ് നൽകുന്നതിൽ നിലവിൽ പഞ്ചായത്തിലെ ഒരു സ്ഥാപനങ്ങളെയും ഒഴിവാക്കിയിട്ടില്ല. ഹരിതകർമ്മസേനയ്ക്ക് പഞ്ചായത്ത് ബിൽഡിംഗിൽ ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്.

<u>ജൈവ മാലിന്യം</u>

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

<u>അജൈവ മാലിന്യം</u>

ഗാർഹിക, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാർക്കറ്റുകളിലും ഹോട്ടലുകളിലും ഉണ്ടാകുന്ന അജൈവമാലിന്യങ്ങൾ ഹരിതകർമ്മ സേന ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്.

മാലിന്യമുക്ത കേരളം, നവകേരളം, സ്വച്ഛതാ ഹി സേവ എന്നീ പരിപാടികളുടെ ഭാഗമായി പഞ്ചായത്തിലെ 15 വാർഡുകളിലും തോടുകൾ, പാതയോരങ്ങൾ, പൊതു ഇടങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മാലിന്യം ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ക്ലീൻ കേരള കമ്പനി ലഭ്യമാക്കിയ കലണ്ടർ പ്രകാരം മാലിന്യം ശേഖരിക്കുന്നുണ്ട്.

എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും അജൈവ മാലിന്യം സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണ രീതിയാണ് പിന്തുടരുന്നത് (100 ശതമാനം). പാതയോരങ്ങൾ, പൊതു ഇടങ്ങൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന ലെഗസി മാലിന്യങ്ങൾ ക്ലീൻ കേരള ഏജൻസിക്ക് കൈമാറുകയാണ് ചെയ്യുന്നത്.

2023-24 വർഷം ലെഗസി വേസ്റ്റ് ഇനത്തിൽ 53018 കിലോഗ്രാം ലെഗസി റിസൈക്കിൾ ചെയ്യുന്നതിനായി ക്ലീൻ കേരള മിഷന് കൈമാറിയിട്ടുണ്ട്. ക്ലീൻ കേരള കമ്പനി കഴിഞ്ഞ ആറ് മാസത്തിനിടെ 14 ലോഡ് തരംതിരിച്ച മാലിന്യങ്ങളും രണ്ട് ലോഡ് തുണിയും രണ്ട് ലോഡ് ചെരുപ്പ്, ബാഗ് തുകൽ മാലിന്യങ്ങൾ എന്നിവ അടങ്ങിയ ലെഗസിയും നീക്കം ചെയ്തിട്ടുണ്ട്.

<u>എം സി എഫ്</u>

ഗ്രാമ പഞ്ചായത്തിൽ 15 വാർഡുകളിലായി 31 മിനി എം സി എഫുകൾ നിലവിലുണ്ട്. പല വാർഡുകളിലും റോഡ് സൗകര്യമുള്ള സ്ഥലങ്ങളിലാണ് ഇത് പ്രവർത്തിച്ചു വരുന്നത്. പഞ്ചായത്തിന് എം സി എഫ് കെട്ടിടം നിലവിലുണ്ട്. നിലവിലുള്ള മിനി എം സിഎഫുകളിൽ മൂന്ന് മാസം വരെ അജൈവ മാലിന്യങ്ങൾ സംഭരിക്കാനുള്ള ശേഷിയുണ്ട്. വാതിൽപ്പടി ശേഖരണത്തിന്റെ സമയത്ത് തന്നെ ഹരിതകർമ്മസേന മാലിന്യങ്ങൾ തരം തിരിക്കുന്നുണ്ട്. നിലവിൽ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യം 100% ക്രമീകരിച്ച് വേർതിരിച്ച് മിനി എം സി എഫുകളിൽ എത്തിക്കുന്നു. മിനി എം സി എഫുകളിൽ നിന്ന് കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി മാലിന്യം നീക്കം ചെയ്യുന്നുണ്ട്.

പൊതു ഇടങ്ങളിൽ മാലിന്യം തള്ളുന്നവർക്കെതിരെ പഞ്ചായത്ത് കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം, നിരത്തുകളിലെ മാലിന്യം തള്ളൽ എന്നിവയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ 21 പരിശോധനകൾ നടത്തുകയും ഒരു പരാതി ലഭിക്കുകയും ചെയ്തു. 2023-24 ൽ 48,500 രൂപ ഈയിനത്തിൽ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

<u>ബോധവൽക്കരണം</u>

വാർഡുകളിലെ ഹരിതകർമ്മ സേനാംഗങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ബോധവൽകരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണ രീതികളെ കുറിച്ച് ഹരിത കർമ്മ സേനാംഗങ്ങൾക്ക് 2023-24 ൽ ബ്ലോക്ക് തലത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ എല്ലാ മാസവും അവസാനം നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ യോഗം ചേരുകയും ഹരിത കർമ്മ സേനയുടെ പ്രവർത്തനം വിശദമായി വിലയിരുത്തി വേണ്ട നിർദ്ദേശങ്ങളും നൽകുന്നുമുണ്ട്.

**<u>ഹരിതകർമ്മസേനയുടെ മറ്റ് വരുമാനമാർഗ്ഗങ്ങൾ</u>**

ഹരിതകർമ്മസേന 2023-24 വർഷം ഹരിതകം എന്നപേരിൽ വാടകസാധന വിതരണം റെന്റൽ യൂണിറ്റ് സംരംഭം ആരംഭിച്ചു, 2023-24 സാമ്പത്തിക വർഷം 2,00,000 രൂപ ഗ്രാമ പഞ്ചായത്ത് സംരംഭത്തിന് വേണ്ടി സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്.

**<u>സംഗ്രഹം</u>**

നിലവിൽ ഗ്രാമ പഞ്ചായത്തിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയിലൂടെ നന്നായി നിർവ്വഹിക്കപ്പെടുന്നുണ്ട്. മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലെയും, സ്ഥാപനങ്ങളിലെയും, വീടുകളിലെയും പരമാവധി ആൾക്കാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള വാർഡ്തല ബോധവത്ക്കരണ ക്ലാസ്സുകൾ കൂടി സംഘടിപ്പിച്ച് പൊതുജനങ്ങളുടെ

പങ്കാളിത്തത്തിലൂടെ ഭാവി പരിപാടികൾ ആസൂത്രണം ചെയ്ത് ഗ്രാമ പഞ്ചായത്തിനെ മാലിന്യ മുക്തമാക്കാൻ പരിശ്രമിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 09.12.2024 & 10.12.2024 | കെ.എസ്.എ/കെ.എൻ.ആർ/സി.4/ 1882/2024 തീയതി : 21.12.2024 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക(₹) | പ്രൊജക്ടിന്റെ പേര്&നമ്പർ | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് വിഹിതം | 15,10,000 | ലൈഫ് ഭവന പദ്ധതി ലൈഫ് 2020 37/24 | 15,10,000 | 0 |
| | 20,000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസൻറീവ് 162/24 | 20,000 | 0 |
| | 3,00,000 | കരുഞ്ഞി അംഗൻവാടി കെട്ടിട നിർമ്മാണം-തുക കൈമാറൽ എസ്.ഒ.204/24 | 3,00,000 | 0 |

| | | | | |
|---|---|---|---|---|
| | 2,00,000 | ലൈഫ് ഭവന പദ്ധതി-പട്ടികജാതി വിഭാഗം എസ്.ഒ.172/24 | 2,00,000 | 0 |
| ആകെ | 20,30,000 | | 20,30,000 | |
| പേരാവൂർബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് 169/24 | 3,00,000 | 0 |
| | 14,40,000 | ലൈഫ് ഭവന പദ്ധതി ലൈഫ്2020 37/24 | 14,40,000 | 0 |
| | 1,00,000 | സമഗ്ര നെൽകൃഷി വികസനം 138/24 | 1,00,000 | 0 |
| | 5,00,000 | കരുഞ്ഞി അംഗൻവാടി കെട്ടിട നിർമ്മാണം-തുക കൈമാറൽ 204/24 | 5,00,000 | 0 |
| | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസൻറീവ് 162/24 | 2,00,000 | 0 |
| | 49,065 | കായിക വികസനത്തിന് പരിശീലനം 213/24 | 49,065 | 0 |
| ആകെ | 25,89,065 | | 25,89,065 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ നമ്പർ/പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 10/24 തെരുവ് വിളക്ക് മെയിൻലൈൻ വലിക്കൽ | 153/27.12.23 | 2,99,751 | 2,99,751 (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല) | - |

| | | | | | |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 206/24 തെരുവ് വിളക്ക് മെയിൻലൈൻ വലിക്കൽ | 343/24.03.24 | 4,04,622 | 4,04,622 (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല) | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

2023-24 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെയും വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം എടുത്ത വായ്പ (₹) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ (₹) | പലിശ (₹) | |
| ലൈഫ് മിഷൻ ഭവന പദ്ധതി HUDCO | ലഭ്യമല്ല | ലഭ്യമല്ല | 11,66,383 | 27,30,952 | 3,87,395 (Go.പ്രൊജക്ട് പ്രകാരം കുറവ് ചെയ്തു) | 0 | 35,09,940 |

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| വർഷം | 2023-24 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം(₹) | 20,010 |
| തൻവർഷം നിക്ഷേപിച്ച തുക(₹) | 0 |
| ആകെ(₹) | 20,010 |
| തന്നാണ്ടിൽ പിൻവലിച്ച തുക(₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം(₹) | 20,010 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക (₹) |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലെപ്മെന്റ് കോർപ്പറേഷനിലെ ഷെയർ നമ്പർ/ തീയതി:4464/15.5.2004 | 20,010 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(₹) | 4,27,76,907 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(₹) | 3,59,01,807 |
| വരവിനങ്ങളിലുള്ള നഷ്ടം(₹) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(₹) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക(₹) | 17,99,541 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 23,400 | സുഭാഷിണി.കെ<br>ഹെഡ് മാസ്റ്റർ |

| | | |
|---|---|---|
| 1-15 | 35150 | സുഭാഷിണി.കെ<br>ഹെഡ് മാസ്റ്റർ |
| 1-16 | 78532 | സുഭാഷിണി.കെ<br>ഹെഡ് മാസ്റ്റർ |
| 1-17 | 338436 | ഡോ.ആനി .ജെ.ബെൻസൺ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-18 | 57616 | ഡോ.ആനി .ജെ.ബെൻസൺ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-19 | 403529 | ഡോ.ആനി .ജെ.ബെൻസൺ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-20 | 100000 | മഞ്ജുഷ.പി.എൻ,സെക്രട്ടറി |
| 1-21 | 704373 | ₹299751-മഞ്ജുഷ.പി.എൻ,സെക്രട്ടറി<br>₹404622-പവിത്രൻ.വി,<br>അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറി-ഇൻ ചാർജ്) |
| 1-22 | 8650 | പവിത്രൻ.വി,<br>അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറി-ഇൻ ചാർജ്) |
| 1-28 | 49855 | ഡോ.ജിതേഷ്.എ.പി,മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ആകെ | 17,99,541 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്, തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| സുഭാഷിണി.കെ<br>ഹെഡ് മാസ്റ്റർ | വിരമിച്ച | പങ്കജ്,നിയർ<br>ഊർപ്പഴശ്ശിക്കാവ്<br>യു.പി.സ്കൂൾ,<br>എടക്കാട്.പി.ഒ<br>670663, കണ്ണൂർ |
| ഡോ.ആനി .ജെ.ബെൻസൺ,<br>മെഡിക്കൽ<br>ഓഫീസർ(പി.എച്ച്.സി) | സി.എം.ഒ,ഡിസ് മോഡൽ<br>ഹോസ്പിറ്റൽ,<br>പേരൂർക്കട,<br>തിരുവനന്തപുരം | ബേദസ്ത,<br>നെടുമങ്ങാട്.പി.ഒ<br>തിരുവനന്തപുരം<br>695541 |
| മഞ്ജുഷ.പി.എൻ,സെക്രട്ടറി | സെക്രട്ടറി,കതിരൂർ<br>ഗ്രാമ പഞ്ചായത്ത് | ശ്രീലകം,<br>നരവൂർ,<br>കൂത്തുപറമ്പ്, കണ്ണൂർ |
| പവിത്രൻ.വി,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>മാലൂർ ഗ്രാമ പഞ്ചായത്ത് | കുന്നമ്മൽ വീട്,<br>കൈതേരി,<br>ആറങ്ങാട്ടേരി,<br>നിർമ്മലഗിരി.പി.ഒ, കണ്ണൂർ |
| ഡോ.ജിതേഷ്.എ.പി,മെഡിക്കൽ<br>ഓഫീസർ(ഹോമിയോ) | മെഡിക്കൽ<br>ഓഫീസർ(ഹോമിയോ),<br>ഗവ.ഹോമിയോ ഡിസ്പൻസറി<br>കുന്നോത്തുപറമ്പ് | ബിനേഷ് ഭവൻ,<br>പാട്യം,<br>കൊട്ടയോടി,<br>പത്തായക്കുന്ന്പി.ഒ, കണ്ണൂർ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2009-10, | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2010-11<br>2011-12, | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 2 |

| | | |
|---|---|---|
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 3 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 6 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 7 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ / സി.11/1380/2021 തീയതിഃ 10-01-2022 | 31 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ / സി.8/1381/2021 തീയതിഃ 10-01-2022 | 35 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.11/212/2023 തീയതിഃ 29-03-2023 | 22 |
| 2022-23 | കെ.എസ്.എ/കെ.എൻ.ആർ/സി.11/132/2024 തീയതിഃ 13-02-2024 | 22 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2/188/24 dated 26-06-2024 and submitted on 10-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Malur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in

the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Malur Grama Panchayat as on 31-03-2024

**Date: 21/12/2024**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Malur Grama Panchayat for the Year 2023-2024 .

**1.Major Observations**

Nil

**2.Other Observations**

**1. Accounting Schedule Incomplete.**
Not all schedules as per accounting Rules have been included with the annual financial statement.
2. Inconsistencies in the current year's total cash flow, opening balance, and closing balance in the cash flow statement.
3.The amounts in the Finance Commission grant in Schedule B-4 do not reconcile with the amounts in Schedule B-17
4.The head under which the land owned by the panchayath is valued is not clearly specified.
5. Expired cheques have not been transferred to the panchayath fund.
6. Capital contribution has not been updated periodically.
7. Full redemption amount has not been recovered.
8.Loan amounts shown in the loan register do not match with the annual financial statement.
9.Details of works with partial bills not entered in B-11(B) schedule.
10. Advance register not updated periodically.
11. Asset register as per B-11 schedule not prepared.
12. Closing stock details not included in B-14 schedule.
13.Information about non-availability of utilization certificate not entered in B-18 schedule.
14Demands not being recorded timely through journal entries, considering expected receipts at the beginning of the year and variations in demands.

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

# ധനകാര്യ പത്രികകൾ

## 1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Malur Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2023 to 31-March-2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 26374007.00 |
| Cash | Cash | RP-40(a) | 65705.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1107150.00 |
| 130000000 | Rental income from Panchayat Properties | RP-3 | 283750.00 |
| 140000000 | Fees & User Charges | RP-4 | 2266149.00 |
| 150000000 | Sale & Hire Charges | RP-5 | 32666.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10269810.00 |
| 171000000 | Interest Earned | RP-9 | 710276.00 |
| 190000000 | Prior Period Income | RP-11 | 8230.00 |
| 311000000 | Earmarked Funds | RP-28 | 32755.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 18676714.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5847272.00 |
| 460000000 | Loans, Advances and Deposits | RP-49 | 802.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 414.00 |
| 330000000 | Secured Loans | RP-31 | 2730952.00 |
| 340000000 | Deposits Received | RP-33 | 75522.00 |
| 350000000 | Other Liabilities | RP-35 | 734445.00 |
| | **Grand total** | | **69216619.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 89000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15547.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1291268.00 |
| 460000000 | Loans, Advances and Deposits | RP-49 | 515000.00 |
| | **Non Operating** | | |

| | | | | |
|---|---|---|---|---|
| 340000000 | Deposits Received | | RP-33 | 134796.00 |
| 350000000 | Other Liabilities | | RP-35 | 33856196.00 |
| | **Closing Balance** | | | |
| Bank | | Bank | RP-40(b) | 33291738.00 |
| Cash | | Cash | RP-40(b) | 23074.00 |
| | | **Grand Total** | | **69216619.00** |

## 2. ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| **Malur Grama Panchayat INCOME & EXPENDITURE STATEMENT**<br>For the period from 01-April-2023 to 31-March-2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5218186.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 660322.00 |
| 140000000 | Fee & User Charges | I-4 | 2577861.00 |
| 150000000 | Sale & Hire Charges | I-5 | 32666.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 137393743.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 710276.00 |
| 180000000 | Other Income | I-9 | 414.00 |
| | **Total Income** | | **146593468.00** |

| | | | |
|---|---|---|---|
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11092109.00 |
| 220000000 | Administrative Expenses | I-11 | 1200853.00 |
| 230000000 | Operations & Maintenance | I-12 | 1098978.00 |
| 240000000 | Interest & Finance Charges | I-13 | 1027.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6329714.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 29628316.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 1213479.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 48432658.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 34869000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1458888.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 10513027.00 |
| | **Total Expenditure** | | **145838049.00** |
| | **Gross Surplus / Deficit of income over Expenditure** | | **755419.00** |
| | **Gross Surplus / Deficit of income over Expenditure** | | **563467.00** |
| 190000000 | Prior period Income | I-19 | -667396 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -475444.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-191952.00** |

### 3. ബാലൻസ് ഷീറ്റ്

| Malur Grama Panchayat BALANCE SHEET<br>As on 31-March-2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 19495552.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 16536.00 |
| 312000000 | Reserves | B-3 | 63713837.00 |
| | **Total Reserve & Surplus** | | **83225925.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13364275.00 |

| | | | |
|---|---|---|---|
| | **Total Grants, Contributions for Specific Purposes** | | **13364275.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 3509940.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **3509940.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 688627.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2497682.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3186309.00** |
| | **TOTAL LIABILITIES** | | **103286449.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 3230750.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1140510.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 8124892.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 119826650.00 |
| 416000000 | Accumulated Depreciation | B-11(a) | -67505526.00 |
| | **Total Fixed Assets** | | **64817276.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 20010.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **20010.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1703234.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 33314812.00 |
| 460000000 | Loans, Advances and Deposits | B-18 | 3431117.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **38449163.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **103286449.00** |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ